കൈത്തറി യന്ത്രത്തറി മേഖലയ്ക്കുള്ള കേന്ദ്ര സഹായം

26 [2798] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി—യന്ത്രത്തറി മേഖലയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) 2004-05 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നും ലഭിച്ച സഹായങ്ങൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) കൂടുതൽ കേന്ദ്ര സഹായം നേടുന്നതിനുള്ള ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൈത്തറി-യന്ത്രത്തറി മേഖലയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു†. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ, പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി വായ്പ, കോമൺ വർക്ക് ഷെഡ് നിർമ്മാണം, ഗോഡൗൺ നിർമ്മാണം, സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പ തുടങ്ങിയവയാണ്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും 2004-05 സാമ്പത്തിക വർഷത്തിൽ കൈത്തറി മേഖലയ്ക്ക് ലഭിച്ച ധനസഹായം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നും 2004-05 സാമ്പത്തിക വർഷത്തിൽ കൈത്തറി മേഖലയ്ക്ക് ധനസഹായം ലഭിച്ചിട്ടില്ല.

(സി ആന്റ് ഡി) ഉണ്ട്. സ്വകാര്യ മേഖലയിലെ ഒറ്റത്തറിക്കാരായ നെയ്ത്തുകാരുടെ വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന്റെ എസ്. ജി. എസ്. വൈ. സ്പെഷ്യൽ പ്രോജക്ട് നടപ്പാക്കുന്ന കാര്യം സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 14.64 കോടി രൂപയുടെ ഒരു പ്രോജക്ട് ബാലരാമപുരത്തും, 11.08 കോടി രൂപയുടെ ഒരു പ്രോജക്ട് കണ്ണൂർ ജില്ലയിലും നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ ഹാന്റ്ലൂം എക്സ്പോർട്ട് സ്കീമിൽ 5.07 കോടി രൂപയുടെ 18 പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിൽ 2.12 കോടി രൂപയുടെ അഞ്ച് പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധ നെയ്ത്തുകാരെ കണ്ടെത്തി അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകി ഗുണമേന്മയേറിയ കൈത്തറി ഉല്പന്നങ്ങൾ നെയ്തെടുക്കുന്നതിന് സഹായകരമായ ഒരു പദ്ധതി കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണമെന്ന പേരിൽ 2002-03 മുതൽ നടപ്പിലാക്കി വരുന്നു. നെയ്ത്തിലും ഡൈയിംഗിലും ഡിസൈനിലും, വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി, ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ ധനസഹായം നൽകുന്ന പദ്ധതി, സഹകാര്യ മേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി എന്നിവയും കൈത്തറി മേഖലയുടെ നവീകരണത്തിനും ഉന്നമനത്തിനുമായി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്.

അനുബന്ധം IV

[16-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 26(2798) സദയം കാണുക]

2004-2005-ൽ കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ച പദ്ധതികളും തുകകളും

പദ്ധതികളുടെ പേര്	തുക	
ദീൻദയാൽ കൈത്തറി വികസന പദ്ധതി കമ്പോണന്റ് സ്കീം	96,50,000	രൂപ
ദീൻദയാൽ കൈത്തറി വികസന പദ്ധതി മാർക്കറ്റിംഗ് ഇൻസെന്റീവ്	4,27,23,295	രൂപ
പ്രൊജക്ട് പാക്കേജ് സ്കീം	47,73,000	രൂപ
ഹൗസ് കം വർക്ക്ഷെഡ് സ്കീം	12,74,000	രൂപ
ഹെൽത്ത് പാക്കേജ് പദ്ധതി	17,15,748	രൂപ
കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം	17,98,239	രൂപ
10% കേന്ദ്ര റിബേറ്റ്	5,80,55,614	രൂപ
മിനി എക്സ്പോ	4,00,000	രൂപ
ഡിസ്ട്രിക്ട് ലെവൽ ഇവന്റ്സ്	5,32,488	രൂപ
പ്രത്യേക കേന്ദ്ര സഹായം	3,00,00,000	രൂപ
ഐ.എച്ച്.ഡി.പി. (വീവേഴ്സ് സർവ്വീസ് സെന്റർ വഴി നടപ്പാക്കുന്നത്)	94,98,750	രൂപ
ആകെ	16,04,21129	രൂപ

LIBRARY ARCHIVES Kerala Legislative Assembly